**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി II
## ഭൂനികുതിയും ദേവസ്വവും

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2012 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

**സബ്ജക്ട് കമ്മിറ്റി II**
**ഭൂനികുതിയും ദേവസ്വവും**

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന
സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

1015/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

**സബ്ജക്ട് കമ്മിറ്റി II**

## ഭൂനികുതിയും ദേവസ്വവും

(2011-2013)

ഘടന

<u>ചെയർമാൻ</u> :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u>:

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൾ റസാക്
„ ബാബു എം. പാലിശ്ശേരി
„ സി. കെ. നാണു
„ എ. പ്രദീപ്കുമാർ
„ പാലോട് രവി
„ സി. കെ. സദാശിവൻ
„ വി. പി. സജീന്ദ്രൻ
„ എൻ. ഷംസുദ്ദീൻ
„ വി. എസ്. സുനിൽ കുമാർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്
„ കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി
„ സി. ജോസ്, ഡെപ്യൂട്ടി സെക്രട്ടറി
„ രാജു, വൈ., അണ്ടർ സെക്രട്ടറി.

## അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സബ്ജക്ട് കമ്മിറ്റി II-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 മാർച്ച് 2-ാം തീയതിയിലും 2012 ജൂലൈ 11-ാം തീയതിയിലും ചേർന്ന യോഗങ്ങളിൽ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

2012 ജൂലൈ 11-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**അടൂർ പ്രകാശ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

തിരുവനന്തപുരം,
2012 ജൂലൈ 11.

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി II-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2011 ആഗസ്റ്റ് മാസം 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും 26-9-2011-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ ഭൂനികുതി, ദേവസ്വം എന്നീ വകുപ്പുകളെ സംബന്ധിക്കുന്ന 45 ശുപാർശകൾ ആണുള്ളത്. ടി റിപ്പോർട്ടിലെ ശുപാർശകളിൽ അതാത് വകുപ്പിൽ നിന്ന് ലഭ്യമായ നടപടികൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ 2-3-2012, 11-7-2012 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശുപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു :

### ശുപാർശ 2

2029-00-001-99-05 (3)—ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം-43,57,000 രൂപ

14-2-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 508/2010/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പിലെ എല്ലാ വില്ലേജാഫീസർമാർക്കും മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഈ ശീർഷകത്തിൽ 83,24,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

### സ്വീകരിച്ച നടപടി

2029-00-001-99-05(3)-ലെ ടെലഫോൺ ചെലവ് ശീർഷകത്തിലെ 2011-2012 ബഡ്ജറ്റ് വിഹിതമായി 43,57,000 രൂപ കൂടാതെ 15,00,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. ആകെ ലഭ്യമായ 58,57,000 രൂപ ഉപയോഗിച്ച് വില്ലേജ് ഓഫീസർമാരുടെ ഔദ്യോഗിക മൊബൈൽ ഫോൺ ബില്ലുകൾ അടച്ചിട്ടുണ്ട്.

### ശുപാർശ 3

വില്ലേജാഫീസുകളുടെ നിലവിലെ ഓഫീസ് അന്തരീക്ഷവും പ്രവർത്തന രീതിയും നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. സ്വന്തം ഓഫീസ് കെട്ടിടം ഇല്ലാത്ത വില്ലേജുകളിൽ സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യമടക്കമുള്ള അവശ്യ സൗകര്യങ്ങളോടുകൂടിയ കെട്ടിടം പണിയണമെന്നും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉൾപ്പെടെയുള്ള കമ്പ്യൂട്ടർവൽകൃത ഓഫീസുകളായി ആധുനികവൽക്കരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വില്ലേജ് ഓഫീസുകളിലെ നിലവിലെ ഓഫീസ് അന്തരീക്ഷവും പ്രവർത്തന രീതിയും നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനുവേണ്ടി 2011-2012 സാമ്പത്തിക വർഷം ഇടുക്കി ജില്ലയിലെ 9 വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി 35,31,000 രൂപയുടെയും തിരുവനന്തപുരം ജില്ലയിലെ രണ്ട് വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് 28,70,000 രൂപയുടെയും കൊല്ലം ജില്ലയിലെ രണ്ട് വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് 3,45,000 രൂപയുടെയും കോട്ടയം, കണ്ണൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ ഓരോ വില്ലേജ് ഓഫീസുകൾക്ക് യഥാക്രമം 22,26,000, 12,50,000, 3,50,000, 15,00,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അസ്സറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൊല്ലം ജില്ലയിലെ 16-ഉം എറണാകുളം ജില്ലയിലെ 9-ഉം കാസർഗോഡ് ജില്ലയിലെ 3-ഉം വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് 52,92,077 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, എറണാകുളം ജില്ലകളിലെ ഓരോ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിന് യഥാക്രമം 21,00,000, 19,00,000, 5,00,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ വിവരിച്ച വില്ലേജ് ഓഫീസുകളുടെ "അസറ്റ് മെയിന്റനൻസ്" ഫണ്ട് ഒഴികെ എല്ലാം പി.ഡബ്ല്യൂ.ഡി. പ്രധാന ശീർഷകമായ 4059-ൽ നിന്നാണ് ഫണ്ട് അനുവദിക്കേണ്ടത്. വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് "Revenue Land Information System (ReLis) Software" സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ ജില്ലാ കളക്ടറേറ്റുകളിൽ മാത്രമേ ലഭ്യമായിട്ടുള്ളു. ഈ സംവിധാനം താലൂക്ക്, വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ശുപാർശ 15

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ കൂടുതൽ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള സംസ്ഥാന ദുരന്തനിവാരണ ഫണ്ട് (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്)-ൽ നിന്നുമാണ് പ്രകൃതിക്ഷോഭംമൂലമുള്ള (ഇടിമിന്നൽ, കടൽക്ഷോഭം ഇവ ഒഴികെ)

ദുരിതാശ്വാസത്തിനായുള്ള തുക അനുവദിച്ച് നൽകുന്നത്. 75% കേന്ദ്രസഹായവും 25% സംസ്ഥാന വിഹിതവും ഉൾപ്പെടുന്ന ഈ നിധിയിൽ 2010-11 മുതൽ 2014-15 വരെ അനുവദിച്ച് നൽകിയിട്ടുള്ള തുക താഴെ കൊടുക്കുന്നു :

| *Year* | *Central Share* | *State Share* | *Total* |
|---|---|---|---|
| 2010-11 | 98.31 | 32.77 | 131.08 |
| 2011-12 | 103.22 | 34.41 | 137.63 |
| 2012-13 | 108.38 | 36.13 | 144.51 |
| 2013-14 | 113.81 | 37.93 | 151.74 |
| 2014-15 | 119.50 | 39.83 | 159.33 |
| Total | 543.22 | 181.07 | 724.29 |

ഈ നിധിയിൽ നിന്നും തുക അനുവദിക്കുന്നത് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ അനുസരിച്ചാണ്. എന്നാൽ കേരളത്തിലെ കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരത്തുക സംസ്ഥാന സർക്കാരാണ് നിശ്ചയിച്ചു വരുന്നത്. കേന്ദ്ര സർക്കാർ നിബന്ധന അനുസരിച്ച് പൂർണ്ണമായും ഭാഗികമായും വീട് നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരം തുലോം കുറവായതിനാൽ (യഥാക്രമം 35,000 രൂപയും 6,300 രൂപയും) സംസ്ഥാന സർക്കാർ ഇത് ഒരു ലക്ഷം രൂപയും 35,000 രൂപയും ആയി ഉയർത്തിയിട്ടുണ്ട്. ഇതിനുള്ള തുക സംസ്ഥാന ഖജനാവിൽ നിന്നാണ് കണ്ടെത്തുന്നത്. പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുകയുടെ തോത് 16-1-2012 പ്രാബല്യത്തിൽ കേന്ദ്ര സർക്കാരും, സംസ്ഥാനത്തെ കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരത്തോത് 1-4-2012 പ്രാബല്യത്തിൽ സംസ്ഥാന സർക്കാരും ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിബന്ധനകൾ അനുസരിച്ച് തുക വിതരണം ചെയ്യുവാൻ ഇപ്പോഴുള്ള തുക പര്യാപ്തമാണെന്ന് കാണുന്നു. ഇതിനുപരിയായി സംസ്ഥാനത്ത് നാശനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിച്ച് മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര സർക്കാർ നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ (എൻ.സി.സി.എഫ്.) നിന്നും അധിക തുക അനുവദിക്കാറുണ്ട്. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസങ്ങൾക്കുള്ള ഈ ഫണ്ട് ഇപ്രകാരം നിയതമായതിനാൽ ഈ ശീർഷകത്തിൽ കൂടുതൽ തുക വികയിരുത്താൻ കഴിയുകയില്ല.

### ശുപാർശ 16

2053-00-093-99-05 (3)—ടെലഫോൺ ചാർജ്ജ്

ബഡ്ജറ്റ് വിഹിതം-74,04,000 രൂപ

14-2-2010-ലെ ജി.ഒ.(എംഎസ്.) നമ്പർ 508/2010/ആർ.ഡി. പ്രകാരം റവന്യൂ വകുപ്പിലെ ഓഫീസർമാർക്ക് മൊബൈൽ ഫോൺ കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്.

എന്നിരിക്കിലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മാണെന്ന് സമിതി മനസ്സിലാക്കി. ഈ ശീർഷകത്തിൽ 5,81,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സ്വീകരിച്ച നടപടി

2053-00-093-99-05(3)-ലെ ടെലഫോൺ ചാർജ്ജ് ശീർഷകത്തിൽ 2011-2012 സാമ്പത്തിക വർഷം 74,04,000 രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. 14-2-2010-ലെ ജി.ഒ. (എംഎസ്.) 508/2010 ആർ.ഡി. നമ്പർ ഗവ. ഉത്തരവനുസരിച്ച് ലഭ്യമാക്കപ്പെട്ടിട്ടുള്ള മൊബൈൽ ഫോൺ കണക്ഷന്റെ ബിൽ തുക സഹിതം 57,16,000 രൂപ ടി ശീർഷകത്തിൽ ചെലവായിട്ടുള്ളതും ബാക്കി തുക സറണ്ടർ ചെയ്തിട്ടുള്ളതുമാണ്. പ്രതീക്ഷിച്ച അധിക തുക ആവശ്യമായി വന്നിട്ടില്ല.

ശുപാർശ 17

2053-00-093-99-34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം-21,99,000 രൂപ

റിപ്പബ്ലിക് ദിനം, സ്വാതന്ത്ര്യ ദിനം എന്നീ ആഘോഷങ്ങൾക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനും ലഘുഭക്ഷണം നൽകുന്നതിനുമായി ഏകദേശം 30 ലക്ഷം രൂപ ചെലവാക്കുന്നുണ്ടെന്നും, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കോട്ടയം, പത്തനംതിട്ട ജില്ലകൾക്കായി 8,25,000 രൂപ ചെലവാക്കുന്നുണ്ട് എന്നും സമിതി മനസ്സിലാക്കുന്നു. മാത്രമല്ല ഗോൾഫ് കോഴ്സ് ജീവനക്കാർക്കുള്ള ശമ്പളവും ഈ ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നത്. ആയതിനാൽ ടി ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണം എന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2053-00-093-99-34 മറ്റ് ചെലവുകൾ (വോട്ടഡ്) എന്ന ശീർഷകത്തിൽ 2011-2012 സാമ്പത്തിക വർഷത്തിൽ 21,99,000 രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി പ്രസ്തുത ശീർഷകത്തിൽ അധികമായി ചെലവു വന്നിട്ടുള്ള 15,95,000 രൂപ കൂടി റീ അപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. റിപ്പബ്ളിക്, സ്വാതന്ത്ര്യദിന ആഘോഷങ്ങളുടെ ചെലവുകൾക്കായി 2011-2012 സാമ്പത്തിക വർഷത്തിൽ തുകയൊന്നും പ്രസ്തുത ശീർഷകത്തിൽ ലഭിച്ചിട്ടില്ല. ഗോൾഫ് കോഴ്സ് ജീവനക്കാരുടെ വേതനം ഈ ശീർഷകത്തിൽ നിന്നും നൽകിവരുന്നു.

ശുപാർശ 18

2053-00-800-96—കുമരകം ബോട്ട്ജെട്ടി വികസനത്തിനായുള്ള പ്രത്യേക പദ്ധതി

ബഡ്ജറ്റ് വിഹിതം-1,000 രൂപ

കുമരകം ബോട്ട്ജെട്ടി വികസനത്തിനായി ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2053-00-800-96 കുമരകം ബോട്ട്ജെട്ടി വികസനത്തിനായി 1,000 രൂപ ടോക്കൺ പ്രൊവിഷനായി 2010-2011, 2011-2012 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ കുമരകം ബോട്ട്ജെട്ടി വികസനത്തിനായി പദ്ധതി നിലവിൽ ഇല്ലാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശുപാർശ 19

റവന്യൂ ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്ന റവന്യൂ ഇൻസ്റ്റിറ്റ്യൂട്ട് എന്നതിലുപരി, ആയത് ഒരു എഡ്യുക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റേണ്ടത് വളരെ അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഐ.എൽ.ഡി.എം.-നെ നല്ല രീതിയിൽ വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്; ഒരു മികവിന്റെ കേന്ദ്രം (സെന്റർ ഓഫ് എക്സലൻസ്) ആയി മാറ്റുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുന്നതിനൊപ്പം തന്നെ വിവിധ സർക്കാർ സ്ഥാപനങ്ങൾക്കും സർക്കാരേതര സംഘടനകൾക്കും പൊതുജനങ്ങൾക്കും ദുരന്തനിവാരണത്തെപ്പറ്റിയുള്ള അവബോധവും പരിശീലനവും നൽകുന്നതിനുള്ള നിരവധി പരിപാടികൾ ഇതിനകം തന്നെ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി നിരവധി നടപടികൾ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുമായി ചേർന്ന് 'IGNOU–ILDM Community College' നടപ്പിലാക്കാനുള്ള നടപടികൾ, ILDM-നെ ഒരു വിവരശേഖരണകേന്ദ്രവും മികവിന്റെ കേന്ദ്രമായി വികസിപ്പിക്കാനുള്ള നടപടികൾ, ആധുനിക പഠന സൗകര്യങ്ങളായ smart class room-ഉം Wifi connectivity-യും ILDM Campus-ൽ സ്ഥാപിക്കൽ, സംസ്ഥാനത്ത് ഉത്സവങ്ങളുമായി ബന്ധപ്പെട്ട ദുരന്തങ്ങളെയും വിഷവാതക ദുരന്തങ്ങളെയും (Chemical Disaster) സംബന്ധിച്ച Standard Operation Procedure (SOP) തയ്യാറാക്കൽ എന്നിവ ഇതിൽ ചില പ്രവർത്തനങ്ങളാണ്.

ഇൻസ്റ്റിറ്റ്യൂട്ടിലെ അക്കാഡമിക് പ്രവർത്തനങ്ങളെയും ഗവേഷണ പ്രവർത്തനങ്ങളെയും വികസിപ്പിച്ച് ഇതിനെ ഒരു ദേശീയ പ്രാധാന്യമുള്ള 'മികവിന്റെ കേന്ദ്രം' ആയി മാറ്റാൻ താഴെപ്പറയുന്ന നടപടികൾ ഈ വർഷം കൈക്കൊള്ളാൻ ആലോചിക്കുന്നു :

(1) ദേശീയ അന്തർദേശീയ സംഘടനകളുമായും ഏജൻസികളുമായും നിരന്തരമായി ബന്ധം പുലർത്തി ലാന്റ് അഡ്മിനിസ്ട്രേഷനിലും ദുരന്ത ലഘൂകരണത്തിലും പരിശീലനവും റിസർച്ചും നടത്തുവാനുള്ള ശേഷി വർദ്ധിപ്പിക്കുക.

(2) പുഴയിലും മറ്റ് ജലാശയങ്ങളിലും കുട്ടികൾ മുങ്ങി മരിക്കുന്നതിന്റെ നിരക്ക് ഉയരുന്നതിനാൽ സ്കൂൾ കുട്ടികൾക്കായി 'നീന്തൽ പഠിപ്പിക്കുക' (learn to swim) എന്ന ഒരു പദ്ധതി നടപ്പിലാക്കുക.

(3) രാജ്യത്തെ പ്രമുഖങ്ങളായ യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ദുരന്ത നിവാരണത്തിൽ മാസ്റ്റേഴ്സ് ഡിഗ്രി കോഴ്സുകൾ തുടങ്ങുക.

(4) കുട്ടികളുടെ പാഠ്യ വിഷയത്തിന്റെ ഭാഗമായി ദുരന്തനിവാരണത്തിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക.

(5) രാസദുരന്ത (Chemical Disasters) നിവാരണ പ്രവർത്തനമേഖലയിൽ കൂടുതൽ ശ്രദ്ധയൂന്നിയുള്ള പദ്ധതികൾ നടപ്പിലാക്കുക.

ഇത്തരത്തിൽ ഘട്ടം ഘട്ടമായ പ്രവർത്തനങ്ങളിലൂടെ ILDM-നെ ദേശീയ നിലവാരമുള്ള ഒരു മികച്ച എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടും സെന്റർ ഓഫ് എക്സലൻസും ആയി വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ശുപാർശ 44

3475-00-201-93—കർഷക പുനരധിവാസ ഫണ്ടിൽ നിന്നും കൊടുക്കുന്നതിന് മറ്റ് ചെലവുകൾ (നോൺ പ്ലാൻ)

ബഡ്ജറ്റ് വിഹിതം-18,00,000 രൂപ

കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയതുകൊണ്ട് നഷ്ടം വഹിക്കേണ്ടി വന്ന ജന്മിമാർക്ക് സാന്ത്വന പ്രതിഫലം നൽകുന്നതിനും മറ്റ് സാമ്പത്തിക സഹായങ്ങൾ നൽകാനുമാണ് ഈ ശീർഷകത്തിൽ തുക വിനിയോഗിക്കുന്നത്. പാവപ്പെട്ട മുൻ ജന്മിമാർക്ക് പ്രതിമാസം നൽകിവരുന്ന പെൻഷനായ 500 രൂപ 1,500 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

24-10-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 389/2011/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മുൻജന്മിമാർക്ക് നൽകിവന്നിരുന്ന പെൻഷൻ തുക 500 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് എസ്.ആർ.ഒ. നമ്പർ 703/2011 ആയി 4-11-2011-ലെ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## ശുപാർശ 45

ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റും ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട് മെന്റും സംയുക്തമായാണ് രക്ഷാപ്രവർത്തനം നടത്തുന്നത് എന്ന് വിലയിരുത്തിയ സമിതി ദുരന്തനിവാരണത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്യുന്നു.

(1) ബഹുനില കെട്ടിടങ്ങളിൽ തീപിടിത്തം ഉണ്ടായാൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനായി ഏരിയൽ പ്ലാറ്റ്ഫോം ലാഡർ പോലുള്ള ഉപകരണങ്ങൾ വാങ്ങണമെന്നും രക്ഷാപ്രവർത്തനങ്ങൾക്കായി നല്ല പരിശീലകരെ ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(2) വെള്ളത്തിൽ വീണുണ്ടാകുന്ന അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി അണ്ടർ വാട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ്, അണ്ടർ വാട്ടർ അൾട്രാവയലറ്റ് ടോർച്ച് ലൈറ്റ് എന്നീ ഉപകരണങ്ങളും ഔട്ട്ബോർഡ് എഞ്ചിനോടുകൂടിയ ഇൻഫ്ളാറ്റബിൾ ബോട്ടുകൾ എന്നിവ അനിവാര്യമാണ്. എന്നതിനാൽ ഇത്തരം ഉപകരണങ്ങൾ വാങ്ങണമെന്നും ആവശ്യമായ മുങ്ങൽ വിദഗ്ദ്ധരെ ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(3) കുഴൽ കിണറിനകത്ത് വീണ് അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി 'ഹൈഡ്രോളിക് റസ്ക്യൂറ്റൂളും' അടിയന്തിരമായി രക്ഷപ്പെടുത്തുവാൻ അന്തർദേശീയമായി ലഭ്യമായ ഏറ്റവും അത്യാധുനിക സാങ്കേതിക സംവിധാനം ഏർപ്പെടുത്തണമെന്നും ഇതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരെ നിയമിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ നിലവിലുള്ള ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണോ എന്ന് പരിശോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(4) തകർന്ന കെട്ടിടങ്ങൾക്കിടയിൽ കുടുങ്ങിയവരെയും കരിങ്കൽ കോറികളിൽ അപകടത്തിൽപ്പെടുന്നവരെയും രക്ഷപ്പെടുത്തുന്നതിനായി തെർമൽ ഇമേജിംഗ് ക്യാമറ, ഗ്രൗണ്ട് പെനിട്രേറ്റിംഗ് റഡാർ എന്നിവ അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. രക്ഷാപ്രവർത്തനങ്ങൾക്ക് അസ്ക ലൈറ്റുകൾ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, പുഷ് ക്യാമറകൾ, ഇമേജിംഗ് ഇലക്ട്രിക് കൺടക്ടിവിറ്റി മീറ്ററുകൾ എന്നിവയും ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(5) രക്ഷാപ്രവർത്തനം നടത്തുന്നതിനാവശ്യമായ ഈ ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യം ലഭിച്ച സാങ്കേതിക വിദഗ്ദ്ധരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(6) അടിയന്തിരമായി ദുരന്തനിവാരണം നടത്തുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റും ഫയർ, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകളും തമ്മിൽ ജി.പി.ആർ.എസ്. സാറ്റലൈറ്റ് ഫോൺ സംവിധാനം എന്നിവ ഉപയോഗിച്ചുള്ള ആധുനിക കമ്മ്യൂണിക്കേഷൻ സിസ്റ്റം ഉണ്ടാകേണ്ടതും എല്ലാ ഫയർ സ്റ്റേഷനുകളും ജില്ലാ കളക്ട്രേറ്റുകളും തമ്മിൽ ഒരു സംയോജിത പ്രവർത്തനം ഉണ്ടാകേണ്ടതും ആവശ്യമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

(1) ഫയർ & റസ്ക്യൂ വകുപ്പിലേക്കായി ഏരിയൽ പ്ലാറ്റ് ഫോം ലാഡർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) അണ്ടർ വാട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ്, അണ്ടർ വാട്ടർ അൾട്രാവയലറ്റ് ടോർച്ച് ലൈറ്റ് എന്നീ ഉപകരണങ്ങളും ഔട്ട്ബോർഡ് എഞ്ചിനോടുകൂടിയ ഇൻഫ്ളാറ്റബിൾ ബോട്ടുകളും ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ വാങ്ങിയിട്ടുണ്ട്.

(3) ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ് വാങ്ങുകയും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ഉപകരണങ്ങൾ പ്രവർത്തനസജ്ജമാണോ എന്ന് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ തസ്തിക അനുവദിക്കാത്തതിനാൽ നിലവിലുള്ള സേനാംഗങ്ങൾക്ക് മുങ്ങൽ വൈദഗ്ദ്ധ്യത്തിലുള്ള പരിശീലനം നൽകിവരുന്നുണ്ട്.

(4), (5) & (6) റവന്യൂ വകുപ്പിന് കീഴിലുള്ള ദുരന്തനിവാരണ അതോറിറ്റിയുടെ ഗവേഷണ വിഭാഗമായ ഹസാർഡ് വൾനറബിലിറ്റി ആന്റ് റിസ്ക് അസസ്മെന്റ് സെൽ (എച്ച്.വി.ആർ.എ. സെൽ) ഭൗമശാസ്ത്ര പഠനകേന്ദ്രവുമായി ചേർന്ന് നടപ്പിലാക്കുന്ന സോയിൽ പൈപ്പിംഗ് ഗവേഷണ പദ്ധതിയുടെ ഭാഗമായി ഇമേജിംഗ് റസിസ്റ്റിവിറ്റി മീറ്റർ, പുഷ് ക്യാമറ എന്നിവ വാങ്ങുവാൻ പണം വകയിരുത്തിയിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ അസ്കാ ലൈറ്റുകൾ പോലീസ് വകുപ്പിനും ഫയർ & റസ്ക്യൂ വകുപ്പിനും ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ അസ്കാ ലൈറ്റുകൾ ഈ വർഷം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. ഗ്രൗണ്ട് പെനട്രേറ്റിംഗ് റഡാർ വളരെ വിലയുള്ള ഉപകരണമായതിനാൽ (ഒരെണ്ണത്തിന് രണ്ട് കോടി രൂപ) അത് വാങ്ങുവാനുള്ള പണത്തിന്റെ സ്രോതസ്സ് കണ്ടെത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യം എച്ച്.വി.ആർ.എ. സെല്ലിലെയും സെസ്സിലെയും ശാസ്ത്രജ്ഞർക്കും ഗവേഷകർക്കുമുണ്ട്. ദുരന്തങ്ങളുണ്ടായാൽ അവയുടെ സ്ഥാനനിർണ്ണയം നടത്തുവാനായി എച്ച്.വി.ആർ.എ. സെൽ 6 ജി.പി.എസ്സുകൾ വാങ്ങുകയും 5 സിറ്റി കോർപ്പറേഷനുകളിലെയും ഇടുക്കി ജില്ലയിലെയും എച്ച്.വി.ആർ.എ. സബ്ബ് ഓഫീസുകൾക്ക് ഇവ നൽകുകയും ചെയ്തിട്ടുണ്ട്.

## 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ ശുപാർശകളിന്മേൽ മറുപടി ലഭ്യമാക്കേണ്ട ഖണ്ഡികകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| *വകുപ്പ്* | *ശുപാർശ/ഖണ്ഡികകൾ* |
|---|---|
| റവന്യൂ | 1, 4-14, 43 |
| ദേവസ്വം | 20 മുതൽ 42 വരെ |

**അടൂർ പ്രകാശ്,**

തിരുവനന്തപുരം,
2012 ജൂലൈ 11.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*